ഭരണഭാഷ മാതൃഭാഷ

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം- 695 033

ഫോൺ/ഫാക്സ് : 0471-2305318/0471-2305317

ഇ-മെയിൽ: ecostatdir@gmail.com

Website: www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർഅഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടിക്രമം**

**(ഹാജർ: സാം ജോസഫ്)**

വിഷയം:- ഡി.ഇ.എസ്– ജീവനക്കാര്യം –ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് /ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി തസ്തികമാറ്റനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. 20/02/2009 ലെ ജി.ഒ (പി) നമ്പർ 9/2009/പിഎൽജി നമ്പർ സർക്കാർ ഉത്തരവ്.
2. 10/02/2021 ലെ ജി.ഒ (പി)27/2021/ഫിൻനമ്പർ സർക്കാർ ഉത്തരവ്.
3. ഗ്രഡേഷൻ സെല്ലിന്റെ 18/09/2024 ലെ ഡിഇഎസ്/190/2024/ജിആർസി നമ്പർ സീനിയോരിറ്റി ലിസ്റ്റ്.
4. ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 21/08/2024, 15/02/2025 തീയതികളിലെ ESALP/548/2024-E2 നമ്പർ കത്തുകൾ.
5. പാലക്കാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 25/01/2025-ലെ ഇഎസ്പികെഡി/22/2025-ഇ2 നമ്പർ കത്ത്.
6. വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 10/02/2025-ലെ ESWYD/09/2025-E1 നമ്പർ കത്ത്.

**ഉത്തരവ് നം. ഡിഇഎസ് /3976/2022-ഇഎ3, തീയതി.03-03-2025**

കേരള സ്റ്റാറ്റിസ്റ്റിക്സ് ആന്റ് ഇക്കണോമിക്സ് സബോർഡിനേറ്റ് സർവ്വീസ് ചട്ട പ്രകാരം ഓഫീസ് അറ്റൻഡന്റ് സർവ്വീസിൽ ബി.എ(ഇക്കണോമിക്സ്) /ബി.എസ്.സി(മാത്സ്/ സ്റ്റാറ്റിസ്റ്റിക്സ്)/ ബി.കോം [വിത്ത് സ്റ്റാറ്റിസ്റ്റിക്സ്/ബിസിനസ്സ് സ്റ്റാറ്റിസ്റ്റിക്സ്] ബി.എസ്.സിഅപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് യോഗ്യത ഉള്ളവരും ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ മൂന്നു

വർഷ സേവനം പൂർത്തിയായിട്ടുള്ളതുമായ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് 10:1 എന്ന അനുപാതത്തിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II / സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി തസ്തികമാറ്റ നിയമനം പരാമർശം (1) ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പരാമർശം (3) സീനിയോരിറ്റി ലിസ്റ്റ് പ്രകാരവും, ടി ലിസ്റ്റ് നിലവിൽ വന്നതിന് ശേഷവും നിർദ്ദിഷ്ട യോഗ്യത നേടിയതുമായ താഴെ പറയുന്ന ഓഫീസ് അറ്റൻഡന്റ്മാർക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II/ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നം | പേര് | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | നിലവിൽ സേവനമനുഷ്ഠിക്കുന്ന ഓഫീസ് |
|---|---|---|---|
| 1 | ശ്രീമതി. ബിന്ദു റ്റി | 29 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ജില്ലാ ഓഫീസ്, ആലപ്പുഴ |
| 2 | ശ്രീമതി. അജിതകുമാരി ആർ | 34 | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ചേർത്തല |

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ ചുവടെ ചേർത്ത പ്രകാരം നിയമനം നൽകണമെന്ന് പ്രസ്തുത ജീവനക്കാർ ഓപ്ഷൻ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | തിരഞ്ഞെടുത്ത ജില്ല |
|---|---|---|
| 1 | ശ്രീമതി. ബിന്ദു റ്റി | ആലപ്പുഴ |
| 2 | ശ്രീമതി. അജിതകുമാരി ആർ | ആലപ്പുഴ |

തസ്തികമാറ്റനിയമനത്തിനായി ഒഴിവ് നിലവിലുള്ള വയനാട്, പാലക്കാട്

എന്നീ ജില്ലകളിൽ മേൽ പരാമർശിച്ച ഓഫീസ് അറ്റൻഡന്റുമാർക്ക് 31100-66800 രൂപ ശമ്പള സ്കെയിലിൽ തസ്തികമാറ്റ നിയമനം വഴി സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി ഭരണസൗകര്യാർത്ഥവും, അപേക്ഷ പ്രകാരവും തസ്തികിമാറ്റനിയമനം നൽകി അവരവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള ഓഫീസിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പേര് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ആയി നിയമിച്ച ഓഫീസ് |
|---|---|---|
| 1 | ശ്രീമതി. ബിന്ദു റ്റി | സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, വയനാട് |
| 2 | ശ്രീമതി. അജിതകുമാരി ആർ | സാമ്പത്തിക സ്ഥിതിവിവരക്കണക്ക്, ജില്ലാ ഓഫീസ്, പാലക്കാട് |

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ആലപ്പുഴ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ബിന്ദു റ്റി, ശ്രീമതി. അജിതകുമാരി ആർ എന്നിവർക്ക് മേൽ ക്രമാനുസരണം ആലപ്പുഴ ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II ന്റെ തസ്തികമാറ്റ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് ടി ജില്ലയിൽ നിയമനം നൽകേണ്ടതാണ്.

ടി ജീവനക്കാരെ യഥാസമയം വിടുതൽ ചെയ്യേണ്ടതും പ്രസ്തുത ജീവനക്കാര് ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ബന്ധപ്പെട്ട നിയമനാധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതുമാണ്.

ടി ജീവനക്കാർ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

Signed by
**SENIOR ADMINISTRATIVE OFFICER**
Sam Joseph
Date: 03-03-2025 00:00:44

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1. ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ എന്നിവരുടെ സി.എ
2. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, ആലപ്പുഴ, വയനാട്, പാലക്കാട്
3. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
4. ഗ്രഡേഷൻ സെൽ / വിജിലൻസ്
5. ഫയൽ / കരുതൽ ഫയൽ